(ബി) ഇതിൽ സർവ്വീസിൽ നിന്നും പെൻഷൻ പറ്റിവയർ എത്രപേരുണ്ട് ;

(സി) താൽക്കാലിക ജീവനക്കാർ സർവ്വീസിൽ തുടരുന്നതുമൂലം നിയമനം പ്രതീക്ഷിക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരുടെ അവസരം നഷ്ടമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 17 താൽക്കാലിക ജീവനക്കാർ.

(ബി) രണ്ട് പേർ.

(സി) പി.എസ്.സി. ലിസ്റ്റിലുള്ളവരുടെ അവസരം നഷ്ടപ്പെടുത്തുന്നില്ല. പി.എസ്.സി.യിൽ നിന്ന് ഉദ്യോഗാർത്ഥികൾ വരുന്ന മുറയ്ക്ക് ദിവസവേതനക്കാരെ പിരിച്ചുവിടുന്നതാണ്.

(ഡി) ധന: (എസ്.എസ്) വകുപ്പിന്റെ 16-1-2002-ലെ ജി.ഒ. (പി) നം: 56/02/ഫിൻ:-ലെ വ്യവസ്ഥകൾ പ്രകാരം വകുപ്പിൽ ഒഴിവുള്ള തസ്തികകൾ അതത് ജില്ല/സംസ്ഥാന പി.എസ്.സി. കൾക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുമ്പായി ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് സെക്രട്ടറിയും ധന: (എക്സ്പെൻഡീച്ചർ) സെക്രട്ടറിയും അടങ്ങിയ കമ്മിറ്റിയുടെ മുൻകൂർ അനുമതി വാങ്ങേതുണ്ട്. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളിലെ അധിക തസ്തികകൾ ഏതെല്ലാമെന്നും കണ്ടെത്തുന്നതിനുള്ള പുനർവിന്യാസം സംബന്ധിച്ച് നടപടികളും പൂർത്തിയാകേണ്ടതുള്ളതുകൊണ്ട് കുറച്ചു കാലതാമസം ഉണ്ടാകാറുണ്ട്.

നോർക്കയുടെ പ്രവർത്തനം

149 (1460) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വിദേശ മലയാളികൾക്ക് ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ടെന്നും എത്ര തുക നൽകിയെന്നും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ മലയാളികളുടെ ക്ഷേമത്തിനായി നോർക്ക എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(സി) വിദേശ മലയാളികളുടെ പുനരധിവാസത്തിന് നോർക്ക എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് കേരളസർക്കാർ നടപ്പിലാക്കിയ സുരക്ഷാ പദ്ധതികളാണ് പ്രവാസി സുരക്ഷ, പ്രവാസി കുടുംബആരോഗ്യ, വനിതാ സുരക്ഷ, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് 31-03-2003 വരെ 6069 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 1110.99 ലക്ഷം രൂപ പ്രസ്തുത കമ്പനിക്ക് ചെലവായിട്ടുണ്ട്.

(ബി)

1. പ്രവാസി മലയാളികൾക്ക് വേണ്ടി എൽ.ഐ.സി.യുമായി സഹകരിച്ച് കൊണ്ട് നടപ്പിലാക്കിയ 'പ്രവാസി സ്വാശ്രയ' എന്ന സാമൂഹ്യ സുരക്ഷാപദ്ധതി.

2. പ്രവാസി മലയാളികളായ വ്യവസായ സംരംഭകരെ സഹായിക്കുന്നതിലേക്ക് വേണ്ടി 'എൻ.ആർ.കെ. പ്രോജക്ട് ഇനിഷ്യേറ്റീവ് ഫണ്ട്'.

(സി) വിദേശ മലയാളികളുടെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് രൂപീകരിച്ച കമ്പനിയാണ് റൂട്ട്സ്-എൻ.ആർ. കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്. പ്രസ്തുത കമ്പനി മുഖേന വിവിധ ക്ഷേമ പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ :

1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ 'സാന്ത്വന' എന്ന ക്ഷേമനിധി.

2. റീ ഇന്റഗ്രേഷൻ ട്രെയിനിംഗ്, കൺസൾട്ടൻസി, അഡ്വക്കസി ആന്റ് ഫെസിലിറ്റേഷൻ സെൽ മുതലായവ.

പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ

150 (1461) ശ്രീ. പി. ജെ. ജോയി :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ തുകയെത്രയെന്നും ഏതെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly